# തപസ്സുകാലം

## രണ്ടാം ഞായർ

**പ്രവേശകപ്രഭണിതം** **സങ്കീ. 26,8-9**

കർത്താവേ, ഞാൻ അങ്ങയുടെ മുഖം അന്വേഷിച്ചു എന്ന് എന്റെ ഹൃദയം അങ്ങയോടു പറഞ്ഞു; അങ്ങയുടെ മുഖം ഞാൻ അന്വേഷിക്കും. അങ്ങയുടെ മുഖം എന്നിൽനിന്ന് തിരിക്കരുതേ.

**അഥവാ** **സങ്കീ 24,6.2,22**

കർത്താവേ, അങ്ങയുടെ അനുകമ്പയും യുഗങ്ങൾക്കുമുമ്പേ അങ്ങേ കാരുണ്യം ഓർക്കണമേ. ഞങ്ങളുടെ ശത്രുക്കൾ ഞങ്ങളുടെമേൽ ആധിപത്യം ഒരിക്കലും പുലർത്താതിരിക്കട്ടെ. ഇസ്രായേലിന്റെ ദൈവമേ, ഞങ്ങളുടെ എല്ലാ ദുരിതങ്ങളിലും നിന്ന് ഞങ്ങളെ മോചിപ്പിക്കണമേ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നില്ല.

### സമിതിപ്രാർഥന

അങ്ങയുടെ പ്രിയപുത്രനെ ശ്രവിക്കാൻ ഞങ്ങളോടു കല്പിച്ച ദൈവമേ, അങ്ങയുടെ വചനത്താൽ ഞങ്ങളെ ആന്തരികമായി പരിപോഷിപ്പിക്കാൻ കനിയണമേ. അങ്ങനെ ആത്മീയമായ ഉൾക്കാഴ്ചയാൽ ശുദ്ധീകരിക്കപ്പെട്ട അങ്ങേ മഹത്ത്വത്തിന്റെ ദർശനത്താൽ ആനന്ദിക്കാൻ അനുഗ്രഹിക്കണമേ. കർത്താവായ...

വിശ്വാസപ്രമാണം ചൊല്ലുന്നു.

### നൈവേദ്യപ്രാർഥന

കർത്താവേ, ഈ കാഴ്ചവസ്തുക്കൾ ഞങ്ങളുടെ പാപങ്ങൾ ശുദ്ധീകരിക്കുകയും പെസഹാത്തിരുനാൾ ആഘോഷിക്കാൻ അങ്ങയുടെ വിശ്വാസികളുടെ ശരീരത്തെയും മനസ്സിനെയും പവിത്രീകരിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞതഅർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണ്.

**അ**വിടുന്ന് തന്റെ മരണത്തെപ്പറ്റി ശിഷ്യന്മാരെ അറിയിച്ചശേഷം വിശുദ്ധ ഗിരിയിൽവച്ച് അവിടത്തെ മഹത്ത്വം അവർക്ക് വെളിപ്പെടുത്തിക്കൊടുത്തു. അങ്ങനെ, നിയമവും പ്രവാചകന്മാരും സാക്ഷ്യം വഹിക്കുന്നതുപോലെ, പീഡാസഹനത്തിലൂടെ അവിടത്തെ ഉയിർപ്പിന്റെ മഹിമയിലേക്ക് എത്തിച്ചേരാൻ മനസ്സാകുകയും ചെയ്തു.

**ആ**കയാൽ സ്വർഗീയശാക്തികന്മാരോടു ചേർന്ന് ഈ ഭൂമിയിൽ ഞങ്ങൾ അങ്ങയെ അനവരതം പാടി സ്തുതിക്കുന്നു.

പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

**ദിവ്യഭോജനപ്രഭണിതം** **മത്താ 17,5**

ഇവൻ എന്റെ പ്രിയപുത്രനാണ്; ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു; ഇവനെ ശ്രവിക്കുവിൻ.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, ഈ ഭൂമിയിൽ ആയിരിക്കുമ്പോൾത്തന്നെ സ്വർഗീയകാര്യങ്ങളിൽ ഞങ്ങളെ പങ്കുകാരാക്കാൻ അനുവദിച്ചതിനും, ഈ മഹത്ത്വമേറിയ രഹസ്യങ്ങൾ അനുഭവിക്കുന്ന ഞങ്ങൾ അങ്ങേക്കു നന്ദിയർപ്പിക്കുന്നു.

## ജനങ്ങളുടെമേലുള്ള പ്രാർഥന

കർത്താവേ, നിരന്തരമായ അനുഗ്രഹത്താൽ അങ്ങേ വിശ്വാസികളെ ആശീർവദിക്കുകയും അങ്ങേ ഏകജാതന്റെ സുവിശേഷത്തോട് അവരെ വിശ്വസ്തരാക്കുകടും ചെയ്യണമേ. അങ്ങനെ അപ്പസ്തോലന്മാർക്ക് മഹത്ത്വത്തിന്റെ തേജസ്സ് തന്നിൽത്തന്നെ അവിടന്ന് ദൃശ്യമാക്കി. ഓരോ മഹത്ത്വം അവർ അനവരതം പ്രത്യാശിക്കാനും അതിലേക്ക് സന്തോഷത്തോടെ എത്തിച്ചേരാനും പ്രാപ്തരാകട്ടെ.

# തപസ്സുകാലം രണ്ടാം വാരം

## തിങ്കൾ

**പ്രവേശകപ്രഭണിതം** **Cf സങ്കീ. 25,11-12**

കർത്താവേ, എന്നെ രക്ഷിക്കുകയും എന്നോട് കരുണ കാണിക്കുകയും ചെയ്യണമേ. എന്തെന്നാൽ, നേർവഴിയിൽ ഞാൻ നിലയുറപ്പിച്ചിരിക്കുന്നു. മഹാസഭയിൽ ഞാൻ കർത്താവിനെ വാഴ്ത്തും.

**സമിതിപ്രാർഥന**

ആത്മാക്കളുടെ സൗഖ്യത്തിനുവേണ്ടി ശാരീരികശിക്ഷണം കല്പിച്ച ദൈവമേ, സകല പാപങ്ങളിലുംനിന്ന് വിട്ടുനില്ക്കാൻ കഴിയുന്നതിനും ഞങ്ങളുടെ ഹൃദയങ്ങൾ അങ്ങേ കാരുണ്യത്തിന്റെ കല്പനകൾ അനുവർത്തിക്കാൻ ഇടവരുന്നതിനും അനുഗ്രഹിക്കണമേ. കർത്താവായ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഞങ്ങളുടെ പ്രാർഥനകൾ സംപ്രീതിയോടെ സ്വീകരിക്കണമേ. സ്വർഗീയരഹസ്യങ്ങൾ അനുഷ്ഠിക്കാൻ അങ്ങ് അനുഗ്രഹം നല്കിയ ഞങ്ങളെ ലൗകികാകർഷണങ്ങളിൽനിന്ന് വിമുക്തരാക്കണമേ. കർത്താവായ...

തപസുകാലത്തിലെ ആമുഖഗീതി pp...... -......

**ദിവ്യഭോജനപ്രഭണിതം** **ലൂക്കാ 6,36**

കർത്താവ് അരുൾചെയ്യുന്നു: നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ, നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, ഈ ദിവ്യഭോജനം ഞങ്ങളെ തിന്മയിൽനിന്ന് ശുദ്ധീകരിക്കുകയും സ്വർഗ്ഗീയ സന്തോഷത്തിൽ പങ്കാളികളാക്കുകയും ചെയ്യണമേ. കർത്താവായ...

### ജനങ്ങളുടെമേലുള്ള പ്രാർത്ഥന

ഐച്ഛികമായ ഉപയോഗത്തിന്

കർത്താവേ, അങ്ങേ വിശ്വാസികളുടെ ഹൃദയങ്ങളെ സ്ഥൈര്യപ്പെടുത്തണമെന്നും അങ്ങേ കൃപയുടെ ശക്തിയാൽ ഊർജസ്വലമാക്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഇവർ അങ്ങയെ വിളിച്ചപേക്ഷിക്കുന്നതിൽ ഉത്സുകരും പരസ്പരസ്നേഹത്തിൽ ആത്മാർഥയുള്ളവരും ആയിരിക്കട്ടെ.

# തപസ്സുകാലം രണ്ടാംവാരം

## ചൊവ്വ

**പ്രവേശകപ്രഭണിതം** **സങ്കീ 12,4-5**

ഞാൻ ഒരിക്കലും മരണത്തിൽ ഉറങ്ങാതിരിക്കാനും ഞാൻ നിന്നെ കീഴ്പ്പെടുത്തിയിരിക്കുന്ന എന്ന് എന്റെ ശത്രു പറയാതിരിക്കാനുംവേണ്ടി എന്റെ കണ്ണുകൾ പ്രകാശിപ്പിക്കണമേ.

**സമിതിപ്രാർത്ഥന**

കർത്താവേ, നിരന്തരമായ കാരുണ്യത്താൽ അങ്ങയുടെ സഭയെ സംരക്ഷിക്കണമേ. അങ്ങില്ലാത്തപക്ഷം, മരണവിധേയനായ മനുഷ്യൻ വീണുപോകുമെന്നതിനാൽ, അങ്ങേ സഹായത്താൽ എപ്പോഴും വിപത്തുകളിൽനിന്ന് ഞങ്ങൾ അകറ്റിനിർത്തപ്പെട്ടു രക്ഷയിലേക്ക് നയിക്കപ്പെടുകയും ചെയ്യട്ടെ.

**നൈവേദ്യപ്രാർഥന**

കർത്താവേ, ഈ രഹസ്യങ്ങൾവഴി അങ്ങയുടെ വിശുദ്ധീകരണം ഞങ്ങളിൽ നിവർത്തിതമാകാൻ കനിഞ്ഞാലും. അത് ഞങ്ങളെ ലൗകികതിന്മകളിൽനിന്നു ശുദ്ധീകരിക്കുകയും സ്വർഗീയദാനങ്ങളിലേക്ക് നയിക്കുകയും ചെയ്യുമാറാകട്ടെ.

തപസുകാലത്തിലെ ആമുഖഗീതി pp...... -......

**ദിവ്യഭോജനപ്രഭണിതം** **സങ്കീ. 9:2-3**

അവിടത്തെ എല്ലാദ്ഭുതപ്രവൃത്തികളും ഞാൻ വിവരിക്കും. ഞാൻ അങ്ങിൽ ആഹ്ലാദിച്ചുല്ലസിക്കും അത്യുന്നതനായവനേ, അങ്ങേ നാമത്തിന് ഞാൻ സ്തോത്രമാലപിക്കും.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, വിശുദ്ധ അൾത്താരയിലെ പോഷണം പുണ്യജീവിതത്തിന്റെ അഭിവൃദ്ധിയും അങ്ങേ കാരുണ്യത്തിന്റെ നിരന്തര സഹായവും ഞങ്ങൾക്കു നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

## ജനങ്ങളുടെമേലുള്ള പ്രാർഥന

ഐച്ഛികമായ ഉപയോഗത്തിന്

കർത്താവേ, അങ്ങേ വിശ്വാസികളുടെ അപേക്ഷകൾ കാരുണ്യപൂർവം ശ്രവിക്കുകയും അവരുടെ ആത്മാവിന്റെ മന്ദതയിൽനിന്ന് പാപമോചനംപ്രാപിച്ച് അങ്ങയുടെ അനുഗ്രഹത്തിൽ എന്നും സന്തോഷിക്കാൻ കനിയണമേ.

# തപസ്സുകാലം രണ്ടാം വാരം

## ബുധൻ

### പ്രവേശകപ്രഭണിതം

Cf സങ്കീ 37: 22-23

കർത്താവേ, എന്നെ കൈവിടരുതേ! എന്റെ ദൈവമേ, എന്നിൽനിന്ന് അകന്നിരിക്കരുതേ! എന്റെ രക്ഷയുടെ ശക്തിയായ കർത്താവേ, എന്നെ സഹായിക്കാൻ വേഗം വരണമേ!

### സമിതി പ്രാർഥന

കർത്താവേ, സത്പ്രവൃത്തികളിൽ നിരന്തരപരിശീലനം നല്കപ്പെട്ട അങ്ങേ കുടുംബത്തെ സംരക്ഷിക്കണമേ. ഇക്കാലയളവിലെ സഹായത്താൽ അങ്ങ് സമാശ്വസിപ്പിക്കുന്നതുപോലെ, ഉന്നതങ്ങളിലെ ദാനങ്ങളിലേക്ക് ഈ കുടുംബത്തെ നയിക്കണമേ. കർത്താവായ...

### നൈവേദ്യപ്രാർഥന

കർത്താവേ, ഞങ്ങൾ അങ്ങേക്ക് അർപ്പിക്കുന്ന കാഴ്ചദ്രവ്യങ്ങൾ കരുണയോടെ കടാക്ഷിക്കണമേ. വിശുദ്ധമായ ഈ കൈമാറ്റംവഴി ഞങ്ങളുടെ പാപബന്ധനങ്ങൾ അഴിക്കണമേ. കർത്താവായ...

തപസുകാലത്തിലെ ആമുഖഗീതി pp...... -......

### ദിവ്യഭോജനപ്രഭണിതം

മത്താ 20: 28

മനുഷ്യപുത്രൻ വന്നത് ശുശ്രൂഷിക്കപ്പെടാനല്ല; ശുശ്രൂഷിക്കാനും അനേകരുടെ രക്ഷയ്ക്കുവേണ്ടി തന്റെ ജീവൻ മോചനദ്രവ്യമായി നല്കാനുമത്രേ.

## ദിവ്യഭോജനപ്രാർഥന

ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങൾക്ക് അമർത്യതയുടെ അച്ചാരമാകാൻ അങ്ങു തിരുവുള്ളമായത്, നിത്യരക്ഷയുടെ സഹായമായി ഭവിക്കാൻ കനിയണമേ.

## ജനങ്ങളുടെ മേലുള്ള പ്രാർഥന

ഐച്ഛികമായ ഉപയോഗത്തിന്

കർത്താവേ, അവിടത്തെ സംരക്ഷണത്തിന്റെയും കൃപയുടെയും സമൃദ്ധി അങ്ങയുടെ ദാസർക്ക് പ്രദാനം ചെയ്യണമേ. മനസ്സിനും ശരീരത്തിനും സൗഖ്യം നല്കുകയും സഹോദര സ്നേഹത്തിന്റെ പൂർണത നല്കുകയും അവരെ എപ്പോഴും അങ്ങേക്ക് സമർപ്പിതരാക്കിത്തീർക്കുകയും ചെയ്യണമേ.

# തപസ്സുകാലം : രണ്ടാംവാരം
# വ്യാഴം

**പ്രവേശകപ്രഭണിതം** **സങ്കീ.138: 23–24**

ദൈവമേ, എന്നെ പരിശോധിക്കുകയും എന്റെ പാതകൾ അറിയുകയും ചെയ്യണമേ; വിനാശത്തിന്റെ മാർഗം എന്നിലുണ്ടോ എന്നു നോക്കുകയും നിത്യരക്ഷാമാർഗത്തിലേക്ക് എന്നെ നയിക്കുകയും ചെയ്യണമേ.

**സമിതിപ്രാർഥന**

നിഷ്കളങ്കതയുടെ പുന:സ്ഥാപകനും സ്നേഹിതനുമായ ദൈവമേ, അങ്ങേ ദാസരുടെ ഹൃദയങ്ങൾ അങ്ങിലേക്കു തിരിക്കണമേ. അങ്ങനെ അങ്ങേ ആത്മാവിന്റെ ശക്തി ഉൾക്കൊണ്ട് വിശ്വാസത്തിൽ സ്ഥിരതയുള്ളവരും പ്രവൃത്തിയിൽ ഫലസിദ്ധിയുള്ളവരുമാകട്ടെ.

**നൈവേദ്യപ്രാർഥന**

ദൈവമേ, ഈ ബലിവഴി ഞങ്ങളുടെ അനുഷ്ഠാനം വിശുദ്ധീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ തപസ്സുകാലാനുഷ്ഠാനം ബാഹ്യമായി പ്രഖ്യാപിക്കുന്നത് ആന്തരികമായി ഫലമുളവാക്കടട്ടെ. കർത്താവായ...

തപസുകാലത്തിലെ ആമുഖഗീതി pp...... -......

**ദിവ്യഭോജനപ്രഭണിതം** **സങ്കീ. 118:1**

കർത്താവിന്റെ നിയമത്തിൽ,അപങ്കിലമായ മാർഗത്തിൽ ചരിക്കുന്നവർ ഭാഗ്യവാന്മാർ

### ദിവ്യഭോജനപ്രാർഥന

ദൈവമേ, ഈ ബലികൾ ഞങ്ങളിൽ സജീവമായി നിലനില്ക്കുകയും പ്രവർത്തനത്തിൽ ദൃഢീകരിക്കുകയും ചെയ്യണമേ.

### ജനങ്ങളുടെമേലുള്ള പ്രാർഥന

ഐച്ഛികമായ ഉപയോഗത്തിന്

കർത്താവേ, അങ്ങേ കൃപയുടെ സഹായത്തിനായി കേണപേക്ഷിക്കുന്ന അങ്ങേ ദാസരോടൊത്ത് വസിക്കണമേ. അങ്ങനെ അങ്ങേ സംരക്ഷണത്തിന്റെ സഹായവും മാർഗനിർദേശവും ഇവർക്കു ലഭിക്കുമാറാകട്ടെ. കർത്താവായ...

# തപസ്സുകാലം : രണ്ടാംവാരം
# വെള്ളി

**പ്രവേശകപ്രഭണിതം** **Cf സങ്കീ 30: 2-5**

കർത്താവേ, അങ്ങിൽ ഞാൻ പ്രത്യാശവച്ചു. ഒരു നാളും ഞാൻ ലജ്ജിതനാകാൻ ഇടയാക്കരുതേ. അവർ എനിക്കായി ഒളി പ്പിച്ചിരിക്കുന്ന കെണിയിൽനിന്ന് എന്നെ രക്ഷിക്കണമേ. എന്തെ ന്നാൽ, അങ്ങാണല്ലോ എന്റെ സംരക്ഷകൻ.

**സമിതിപ്രാർഥന**

സർവശക്തനായ ദൈവമേ, പ്രായശ്ചിത്തത്തിന്റെ ശുദ്ധീക രിക്കുന്ന വിശുദ്ധമായ അനുശീലനംവഴി ആത്മാർഥമായ മന സ്സോടെ വരാനിരിക്കുന്ന വിശുദ്ധമായവയിലേക്ക് എത്തിച്ചേരാൻ അങ്ങ് ഇടയാക്കണമേ.

**നൈവേദ്യപ്രാർഥന**

ദൈവമേ, ഈ രഹസ്യങ്ങൾ പരികർമംചെയ്യാൻ അങ്ങേ കാരുണ്യം അങ്ങേ ദാസരെ യഥായോഗ്യം ഒരുക്കുകയും സുകൃ തജീവിതംകൊണ്ട് അവരെ നയിക്കുകയും ചെയ്യട്ടെ.

തപസുകാലത്തിലെ ആമുഖഗീതി pp...... -......

**ദിവ്യഭോജനപ്രഭണിതം** **1 യോഹ 4:10**

ദൈവം നമ്മെ സ്നേഹിക്കുകയും; നമ്മുടെ പാപങ്ങൾക്കു പരിഹാരമായി തന്റെ പുത്രനെ അയയ്ക്കുകയും ചെയ്തു.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, നിത്യരക്ഷയുടെ അച്ചാരം സ്വീകരിച്ച് അതിലേക്ക് എത്തിച്ചേരാൻ ഞങ്ങൾക്കു കഴിയുന്നതിനുവേണ്ടി യഥോചിതം മുന്നേറാൻ ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

## ജനങ്ങളുടെമേലുള്ള പ്രാർഥന

ഐച്ഛികമായ ഉപയോഗത്തിന്

കർത്താവേ, അങ്ങയുടെ ജനത്തിന് മനസ്സിന്റെയും ശരീരത്തിന്റെയും സൗഖ്യംനല്കണമെന്നു പ്രാർഥിക്കുന്നു. അങ്ങനെ സത്പ്രവൃത്തികളിൽ സ്ഥിരതയുള്ളവരായി അങ്ങേ സംരക്ഷണത്തിന്റെ സഹായത്തിന് നിരന്തരം അവർ അർഹരായിത്തീരട്ടെ.

## തപസ്സുകാലം : രണ്ടാം വാരം

## ശനി

**പ്രവേശകപ്രഭണിതം** **സങ്കീ 144: 8-9**

കർത്താവ് കാരുണ്യവാനും കൃപാലുവുമാണ്; അവിടന്ന് ക്ഷമാശീലനും സ്നേഹസമ്പന്നനുമാണ് കർത്താവ് എല്ലാവർക്കും നല്ലവനാണ്. തന്റെ സർവസൃഷ്ടിയുടെയുംമേൽ അവിടന്ന് കരുണകാണിക്കുന്നു.

**സമിതിപ്രാർഥന**

ദൈവമേ, ഭൂമിയിലായിരിക്കുമ്പോൾത്തന്നെ മഹത്ത്വപൂർണമായ പരിരക്ഷയാൽ സ്വർഗീയകാര്യങ്ങളിൽ ഞങ്ങളെ പങ്കുകാരാക്കുന്നുവല്ലോ. അങ്ങുതന്നെ വസിക്കുന്ന ആ പ്രകാശത്തിലേക്ക് ആനയിക്കുന്നതിന് ഞങ്ങൾ നയിക്കുന്ന ഈ ജീവിതത്തിൽ ഞങ്ങളെ വഴിനടത്തണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഈ കൂദാശകൾവഴി ഞങ്ങളുടെ രക്ഷയുടെ ഫലം ഉളവാക്കണമേ. മാനുഷിക കൂദാശകളിൽനിന്ന് എപ്പോഴും ഞങ്ങളെ പിന്തിരിപ്പിക്കുകയും രക്ഷാകരദാനങ്ങളിലേക്ക് നയിക്കുകയും ചെയ്യണമേ.

തപസുകാലത്തിലെ ആമുഖഗീതി pp...... -......

**ദിവ്യഭോജനപ്രഭണിതം** **ലൂക്കാ 15:32**

മകനേ, നീ ആഹ്ലാദിക്കുകയാണു വേണ്ടത്; എന്തെന്നാൽ, നിന്റെ സഹോദരൻ മൃതനായിരുന്നു. അവൻ പുനർജീവിച്ചിരിക്കുന്നു; അവൻ നഷ്ടപ്പെട്ടിരുന്നു അവനെ കണ്ടുകിട്ടിയിരിക്കുന്നു.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, അങ്ങേ കൂദാശയുടെ വിശുദ്ധമായ സ്വീകരണം ഞങ്ങളുടെ ഹൃദയാന്തരങ്ങളിലേക്ക് ഇറങ്ങുകയും ഞങ്ങളെ അതിന്റെ പ്രബലരായ പങ്കാളികളാക്കുകയും ചെയ്യണമേ.

## ജനങ്ങളുടെമേലുള്ള പ്രാർഥന

ഐച്ഛികമായ ഉപയോഗത്തിന്

കർത്താവേ, വിളിച്ചപേക്ഷിക്കുന്നവരുടെ പ്രാർഥനകളിലേക്ക് അങ്ങേ കാരുണ്യത്തിന്റെ ചെവിചായ്ക്കാനും ചോദിക്കുന്നവർക്ക് ആഗ്രഹിച്ചത് നല്കുന്നതിന് അങ്ങേക്ക് പ്രീതികരമായവ യാചിക്കാനും ഇവർക്ക് ഇടയാക്കണമേ.

# തപസ്സുകാലം : മൂന്നാം ഞായർ

പെസഹാജാഗരണത്തിൽ നല്കപ്പെടുന്ന ക്രൈസ്തവ പ്രാരംഭകൂദാശകളിലേക്ക് പ്രവേശിക്കാനുള്ള ജ്ഞാനസ്നാനാർഥികളുടെ ഒന്നാമത്തെ സൂക്ഷ്മപരിശോധന, ഈ ഞായറാഴ്ച അർപ്പിക്കുന്ന ദിവ്യപൂജയിൽ നടത്തപ്പെടുന്നതിന് താഴെ കൊടുത്തിരിക്കുന്ന പ്രത്യേക പ്രാർഥനകളും മധ്യസ്ഥപ്രാർഥനകളും ഉപയോഗിക്കുന്നു.

**പ്രവേശകപ്രഭണിതം** **സങ്കീ. 24:15-16**

എന്റെ കണ്ണുകൾ സദാ കർത്താവിലേക്ക് തിരിഞ്ഞിരിക്കുന്നു. എന്തെന്നാൽ, അവിടന്ന് എന്റെ പാദങ്ങളെ കെണിയിൽനിന്നു വിടുവിക്കും. എന്നെ കടാക്ഷിക്കുകയും എന്നിൽ കനിയുകയും ചെയ്യണമേ. എന്തെന്നാൽ, ഞാൻ ഏകാകിയും ദരിദ്രനുമാണ്.

**അഥവാ** **എസെ. 36:23-26**

കർത്താവ് അരുൾചെയ്യുന്നു: നിങ്ങളിൽ ഞാൻ സംപൂജിതനാകുമ്പോൾ ഞാൻ നിങ്ങളെ സർവദേശങ്ങളിലുംനിന്ന് ഒരുമിച്ചുകൂട്ടും നിങ്ങളുടെ മേൽ ഞാൻ ശുദ്ധജലം തളിക്കുകയും നിങ്ങളുടെ സകലമാലിന്യങ്ങളിലുംനിന്ന് നിങ്ങൾ സംശുദ്ധരാക്കപ്പെടുകയും ചെയ്യും. ഞാൻ നിങ്ങൾക്ക് നവചൈതന്യം നല്കും.

''അത്യുന്നതങ്ങളിൽ'' ചൊല്ലുന്നില്ല.

സമിതിപ്രാർഥന

സർവകാരുണ്യത്തിന്റെയും സകല നന്മയുടെയും ഉടയവനായ ദൈവമേ, ഉപവാസം, പ്രാർഥന, ദാനധർമം എന്നിവയിൽ പാപങ്ങളുടെ പരിഹാരം കാണിച്ചുതന്ന അങ്ങ് ഞങ്ങളുടെ എളിമയുടെ ഈ ഏറ്റുപറച്ചിൽ ദയാപൂർവം കടാക്ഷിക്കണമേ. അങ്ങനെ, ഞങ്ങളുടെ മനസ്സാക്ഷിയാൽ എളിമപ്പെട്ട ഞങ്ങൾ അങ്ങയുടെ കാരുണ്യത്താൽ എപ്പോഴും ഉയർത്തപ്പെടട്ടെ.

വിശ്വാസപ്രമാണം ചൊല്ലുന്നു

### നൈവേദ്യപ്രാർത്ഥന

കർത്താവേ, ഈ ബലിവസ്തുക്കളിൽ അങ്ങ് സംപ്രീതനായി, സ്വന്തം പാപങ്ങളിൽനിന്നു മോചിപ്പിക്കപ്പെടാൻ പ്രാർഥിക്കുന്ന ഞങ്ങൾ, സഹോദരരുടെ പാപങ്ങൾ ക്ഷമിക്കാൻ പരിശ്രമിക്കുന്നതിന് അനുഗ്രഹിക്കണമേ.

സമരിയാക്കാരിയുടെ സുവിശേഷം വായിക്കാത്തപ്പോൾ തപസ്സുകാലത്തെ ആമുഖഗീതി I അല്ലെങ്കിൽ II ഉപയോഗിക്കുന്നു. pp. ....-....
ആമുഖഗീതി : സമരിയാക്കാരി

സർവേശാ, പരിശുദ്ധനായ പിതാവെ, സർവശക്തനും നിത്യനുമായ ദൈവമെ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

അവിടന്ന് സമരിയാക്കാരിയിൽനിന്ന് തനിക്കായി കുടി വെള്ളം ചോദിച്ചപ്പോൾത്തന്നെ അവളിൽ വിശ്വാസദാനം ഉളവായിരുന്നു. അവിടന്ന് ദാഹിച്ചതുപോലെ, അവളിൽ ദിവ്യസ്നേഹത്തിന്റെ അഗ്നിജ്വലിപ്പിക്കുകയും ചെയ്തു.

ആകയാൽ എല്ലാ മാലാഖമാരോടും ചേർന്ന് അങ്ങയുടെ അനന്തവൈഭത്തെ കൃതജ്ഞതാപൂർവം പ്രകീർത്തിച്ച് ഞങ്ങളും അവിരാമം ആലപിക്കുന്നു.

പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ....

### ദിവ്യഭോജനപ്രഭണിതം — **f.സങ്കീ. 83:4-5**

വേറെ സുവിശേഷം വായിക്കുമ്പോൾ

എന്റെ രാജാവും എന്റെ ദൈവവുമായ സൈന്യങ്ങളുടെ കർത്താവേ, കുരുകിൽപ്പക്ഷി തനിക്കായി ഒരു ഭവനവും മീവൽപ്പക്ഷി തന്റെ കുഞ്ഞുങ്ങളെ വയ്ക്കാൻ ഒരു കൂടും കണ്ടെത്തുന്നു. അതു

പോലെതന്നെ എന്റെ രാജാവും എന്റെ ദൈവവുമായ സൈന്യങ്ങളുടെ കർത്താവേ, അങ്ങയുടെ അൾത്താരകളും, അങ്ങയുടെ ഭവനത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ. എവർ എന്നന്നേക്കും അങ്ങയെ സ്തുതിക്കും.

### ദിവ്യഭോജനപ്രാർത്ഥന

കർത്താവേ, സ്വർഗീയരഹസ്യത്തിന്റെ അച്ചാരം സ്വീകരിച്ചും ഇഹത്തിൽ ആയിരുന്നുകൊണ്ട് ഉന്നതത്തിൽ നിന്നുള്ള അപ്പത്താൽ സംതൃപ്തരായും ഞങ്ങൾ അങ്ങയോട് വിനയപൂർവം പ്രാർത്ഥിക്കുന്നു: അങ്ങനെ ഈ രഹസ്യത്താൽ ഞങ്ങളിൽ നിവർത്തിതമായതും പ്രവൃത്തിയാൽ പൂർത്തീകരിക്കപ്പെടട്ടെ.

### ജനങ്ങളുടെമേലുള്ള പ്രാർഥന

#### ഐച്ഛികമായ ഉപയോഗത്തിന്

കർത്താവേ, അങ്ങേ വിശ്വാസികളുടെ ഹൃദയങ്ങളെ നയിക്കുകയും കാരുണ്യപൂർവം അങ്ങയുടെ ദാസർക്ക് ഈ കൃപ നല്കുകയും ചെയ്യണമെന്ന് പ്രാർഥിക്കുന്നു. അങ്ങനെ, ഇവർ അങ്ങയോടും അയല്ക്കാരോടുമുള്ള സ്നേഹത്തിൽ നിലനിന്ന് അങ്ങയുടെ കല്പനകളുടെ പൂർണത കൈവരിക്കുമാറാകട്ടെ.

# തപസ്സുകാലം : മൂന്നാം വാരം
# തിങ്കൾ

**പ്രവേശകപ്രഭണിതം** **സങ്കീ.83:3**

എന്റെ ആത്മാവ് കർത്താവിന്റെ അങ്കണത്തിനായി ആഗ്രഹിച്ച് തളരുന്നു. എന്റെ ഹൃദയവും ശരീരവും ജീവിക്കുന്നവനായ ദൈവത്തിൽ ആഹ്ലാദിക്കുന്നു.

## സമിതിപ്രാർഥന

കർത്താവേ, നിരന്തരമായ കാരുണ്യത്താൽ അങ്ങയുടെ സഭയെ ശുദ്ധീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യണമേ; അങ്ങയെക്കൂടാതെ സുരക്ഷിതമായി നിലനില്ക്കാൻ സാധ്യമല്ലാത്തതുകൊണ്ട് സഭ അങ്ങയുടെ ശക്തിയാൽ നിരന്തരം ഭരിക്കപ്പെടുകയും ചെയ്യട്ടെ.

## നൈവേദ്യ പ്രാർഥന

കർത്താവേ, ഞങ്ങളുടെ ദാസ്യത്തിന്റെ കാഴ്ചദ്രവ്യം ഞങ്ങൾ അങ്ങേയ്ക്ക് അർപ്പിക്കുന്നു. അതിനെ അങ്ങ് രക്ഷയുടെ കൂദാശയായി രൂപാന്തരപ്പെടുത്തണമേ. കർത്താവായ...

തപസുകാലത്തിലെ ആമുഖഗീതി pp...... -......

**ദിവ്യഭോജനപ്രഭണിതം** **സങ്കീ. 116:1-2**

സകലജനതകളേ, കർത്താവിനെ സ്തുതിക്കുവിൻ. എന്തെന്നാൽ നമ്മുടെമേലുള്ള അവിടത്തെ കാരുണ്യം ഉറപ്പുള്ളതാണ്.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, അങ്ങേ കൂദാശയുടെ സ്വീകരണം ഞങ്ങൾക്ക് ശുദ്ധീകരണം നൽകുകയും ഐക്യം തരുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ....

## ജനങ്ങളുടെമേലുള്ള പ്രാർഥന

ഐച്ഛികമായ ഉപയോഗത്തിന്

കർത്താവേ, വിളിച്ചപേക്ഷിക്കുന്ന ജനത്തെ അങ്ങയുടെ വലത്തുകരം സംരക്ഷിക്കുകയും ശുദ്ധീകരിക്കപ്പെട്ടവരായി, ഇക്കാലയളവിലെ സമാശ്വാസംവഴി, വരാനിരിക്കുന്ന നന്മയിൽ അവർ എത്തിച്ചേരാൻ, യഥോചിതം നിർദ്ദേശം നല്കുകയും ചെയ്യട്ടെ.

# തപസ്സുകാലം മൂന്നാം വാരം
# ചൊവ്വ

**പ്രവേശകപ്രഭണിതം** **Cf. സങ്കീ. 16:6,8**

ദൈവമേ, ഞാന്‍ അങ്ങയെ വിളിച്ചപേക്ഷിച്ചു; അങ്ങെന്നെ ശ്രവിച്ചു. അങ്ങയുടെ ചെവിചായിക്കുകയും എന്റെ വാക്കുകള്‍ ശ്രവിക്കുകയും ചെയ്യണമേ. കര്‍ത്താവേ, കണ്ണിന്റെ കൃഷ്ണമണി പോലെ എന്നെ കാത്തുകൊള്ളണമേ. അങ്ങേ ചിറകുകളുടെ നിഴലില്‍ എന്നെ സംരക്ഷിക്കണമേ.

സമിതിപ്രാര്‍ഥന

കര്‍ത്താവേ, വിശുദ്ധ ശുശ്രൂഷയില്‍ ഞങ്ങളെ സമര്‍പ്പിതരാക്കുകയും അങ്ങയുടെ സഹായം, ഞങ്ങള്‍ക്ക് നിരന്തരം സംലഭ്യമാക്കുകയും ചെയ്യുന്ന അങ്ങയുടെ കൃപ ഞങ്ങളെ പരിത്യജിക്കരുതെന്ന് ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. -അങ്ങയോടുകൂടെ...

നൈവേദ്യപ്രാര്‍ഥന

കര്‍ത്താവേ, രക്ഷാകരമായ ഈ ബലിവസ്തു, ഞങ്ങളുടെ പാപങ്ങളുടെ ശുദ്ധീകരണവും അങ്ങേ ശക്തിയുടെ പ്രസാദിപ്പിക്കലുമായി ഭവിക്കാന്‍ ഞങ്ങള്‍ക്ക് അനുഗ്രഹം തരണമെന്നു പ്രാര്‍ഥിക്കുന്നു.

തപസുകാലത്തിലെ ആമുഖഗീതി pp...... -......

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 14:1–2**

കര്‍ത്താവേ, അങ്ങയുടെ കൂടാരത്തില്‍ ആരുവസിക്കും? അങ്ങയുടെ വിശുദ്ധഗിരിയില്‍ ആരു വാസമുറപ്പിക്കും? നിഷ്കളങ്കനായി പ്രവേശിക്കുന്നവനും നീതി പ്രവര്‍ത്തിക്കുന്നവനും.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, ഈ ദിവ്യരഹസ്യത്തിന്റെ വിശുദ്ധ പങ്കാളിത്തം ഞങ്ങളെ ഉജ്ജീവിപ്പിക്കുകയും അതുപോലെ ഞങ്ങൾക്ക് പാപമോചനവും നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

## ജനങ്ങളുടെമേലുള്ള പ്രാർഥന

ഐച്ഛികമായ ഉപയോഗത്തിന്

അങ്ങേ ജനത്തിന്റെ സംസ്ഥാപകനും നിയന്താവുമായ ദൈവമേ, അവരെ അലട്ടുന്ന പാപങ്ങൾ അകറ്റണമേ. അങ്ങനെ, അവർ അങ്ങേക്ക് എപ്പോഴും പ്രീതിയുള്ളവരായിരിക്കുകയും അങ്ങയുടെ സംരക്ഷണത്തിൽ അവർ സുരക്ഷിതരായിരിക്കുകയും ചെയ്യട്ടെ. കർത്താവായ...

# തപസ്സുകാലം: മൂന്നാം വാരം
# ബുധൻ

**പ്രവേശകപ്രഭണിതം** **സങ്കീ. 118:133**

അങ്ങയുടെ വചനമനുസരിച്ച് എന്റെ കാലടികൾ നയിക്കേണമേ, ഒരു അനീതിയും എന്നെ കീഴടക്കാതിരിക്കട്ടെ.

സമിതിപ്രാർഥന

കർത്താവേ, നോമ്പുകാലാനുഷ്ഠാനംവഴി പരിശീലനം ലഭിച്ചവരും അവിടത്തെ വചനത്താൽ പരിപോഷിതരുമായ ഞങ്ങൾ വിശുദ്ധമായ ആത്മസംയമനത്താൽ പൂർണഹൃദയത്തോടെ അങ്ങേക്കു സമർപ്പിതരും സർവദാ പ്രാർഥനയിൽ ഐക്യപ്പെട്ടവരും ആകുന്നതിനുള്ള അനുഗ്രഹം നല്കുന്നതിന് ഞങ്ങൾ പ്രാർഥിക്കുന്നു.

നൈവേദ്യ പ്രാർഥന

കർത്താവേ, കാഴ്ചവസ്തുക്കളുടെ സമർപ്പണത്തോടൊപ്പം അവിടത്തെ ജനത്തിന്റെ പ്രാർഥനകളും സ്വീകരിക്കുകയും അവിടത്തെ രഹസ്യങ്ങൾ ആഘോഷിക്കുന്ന ഞങ്ങളെ സകല അപകടങ്ങളിലുംനിന്ന് സംരക്ഷിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

തപസുകാലത്തിലെ ആമുഖഗീതി pp...... -......

**ദിവ്യഭോജനപ്രഭണിതം** **സങ്കീ 15:11**

കർത്താവേ, അങ്ങ് എനിക്ക് ജീവന്റെ മാർഗ്ഗം കാണിച്ചുതരുന്നു. അങ്ങയുടെ മുഖദർശനത്തിന്റെ ആനന്ദംകൊണ്ട് എന്നെ നിറയ്ക്കും.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഞങ്ങളെ പരിപോഷിപ്പിച്ച സ്വർഗീയവിരുന്ന്, ഞങ്ങളെ വിശുദ്ധീകരിക്കുകയും സകല തിന്മകളിലുംനിന്നു ശുദ്ധീകൃതരായി

ഉന്നതങ്ങളിൽനിന്നുള്ള വാഗ്ദാനങ്ങൾക്കു യോഗ്യരാക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## ജനങ്ങളുടെമേലുള്ള പ്രാർഥന

ഐച്ഛികമായ ഉപയോഗത്തിന്

ഞങ്ങളുടെ ദൈവമേ, അങ്ങേക്ക് പ്രീതികരമായ ഒരു മനോഭാവം അങ്ങേ ജനത്തിനു നല്കേണമേ, എന്തെന്നാൽ, അവിടത്തെ പ്രബോധനങ്ങളോട് അവരെ അനുയുക്തരാക്കുമ്പോൾ, അവരിൽ എല്ലാവിധ അനുഗ്രഹങ്ങളും വർഷിക്കുകയും ചെയ്യുന്നുവല്ലോ. കർത്താവായ...

# തപസ്സുകാലം: മൂന്നാം വാരം
## വ്യാഴം

### പ്രവേശകപ്രഭണിതം

കർത്താവരുൾചെയ്യുന്നു: ജനത്തിന്റെ രക്ഷ ഞാൻ ആകുന്നു. ഏതു ദുരിതത്തിൽനിന്ന് അവർ എന്നെ വിളിച്ചപേക്ഷിച്ചാലും ഞാൻ അവരെ ശ്രവിക്കുകയും ഞാൻ എന്നേക്കും അവരുടെ കർത്താവായിരിക്കുകയും ചെയ്യും.

### സമിതിപ്രാർഥന

കർത്താവേ, രക്ഷാകരമായ ആഘോഷങ്ങളുടെ ദിവസം എത്ര കൂടുതൽ ആസന്നമാകുന്നുവോ അത്ര കൂടുതൽ ഭക്തിയോടെ പെസഹാരഹസ്യം ആഘോഷിക്കാൻ ഞങ്ങൾ മുന്നേറുന്നതിനുവേണ്ടി മഹാപ്രതാപവാനായ അങ്ങയോട് താഴ്മയോടെ ഞങ്ങൾ അപേക്ഷിക്കുന്നു.

### നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ ജനത്തിന്റെ കാഴ്ചദ്രവ്യങ്ങൾ അങ്ങേക്കു പ്രിതികരമായിരിക്കുന്നതിനുവേണ്ടി എല്ലാ പാപമാലിന്യങ്ങളുടെയും സ്പർശനത്തിൽനിന്ന് അവരെ ശുദ്ധീകരിക്കണമേ. അങ്ങേ സത്യത്തിന്റെ സമ്മാനങ്ങൾ ലഭിക്കുമെന്ന് അങ്ങു വാഗ്ദാനം നല്കിയവരെ, തെറ്റായ സന്തോഷങ്ങളിൽ മുഴുകാൻ അനുവദിക്കുകയും ചെയ്യരുതേ. കർത്താവായ...

തപസുകാലത്തിലെ ആമുഖഗീതി pp...... -......

### ദിവ്യഭോജനപ്രഭണിതം സങ്കീ 118:4-5

അങ്ങയുടെ പ്രമാണങ്ങൾ ശ്രദ്ധാപൂർവം പാലിക്കണമെന്ന് അങ്ങു കല്പിച്ചിരിക്കുന്നു. അങ്ങയുടെ ചട്ടങ്ങൾ പാലിക്കാൻ എന്റെ വഴികൾ തെളിക്കപ്പെട്ടിരുന്നെങ്കിൽ!

## ദിവ്യഭോജനപ്രാർഥന

കർത്താവേ, കൂദാശകളാൽ അങ്ങു പരിപോഷിപ്പിക്കുന്നവരെ അങ്ങേ സഹായത്താൽ കാരുണ്യപൂർവം ഉയർത്തണമേ. അങ്ങനെ, കർത്താവേ, രഹസ്യങ്ങളും ജീവിതരീതികളുംവഴി അങ്ങേ രക്ഷയുടെ ഫലം ഞങ്ങൾ സ്വാംശീകരിക്കാൻവേണ്ടി കൂദാശകളാൽ...........കർത്താവായ...

## ജനങ്ങളുടെമേലുള്ള പ്രാർഥന

ഐച്ഛികമായ ഉപയോഗത്തിന്

കർത്താവേ, അങ്ങേ ദയയിൽ ആശ്രയിച്ചുകൊണ്ട് അങ്ങേ കാരുണ്യം ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, ഞങ്ങൾ എന്തായിരിക്കുന്നുവോ, അങ്ങനെയായിരിക്കുന്നത് അങ്ങിൽനിന്ന് ഞങ്ങൾക്കു ലഭിക്കുന്നതുപോലെ അങ്ങേ കൃപയാൽ ശരിയായവ ആഗ്രഹിക്കാനും ആഗ്രഹിക്കുന്ന നന്മചെയ്യാനും പ്രാപ്തരാകട്ടെ.

# തപസ്സുകാലം : മൂന്നാം വാരം
# വെള്ളി

**പ്രവേശകപ്രഭണിതം** **സങ്കീ. 85:8,10**

കര്‍ത്താവേ, ദേവന്മാരില്‍ അങ്ങേക്ക് തുല്യനായി ആരുമില്ല, എന്തെന്നാല്‍, അങ്ങ് വലിയവനാണ്, വിസ്മയകരമായ കാര്യങ്ങള്‍ അങ്ങ് നിര്‍വഹിക്കുന്നു. അങ്ങ് മാത്രമാണ് ദൈവം.

**സമിതിപ്രാര്‍ഥന**

കര്‍ത്താവേ, ഞങ്ങളുടെ ഹൃദയങ്ങളിലേക്ക് അങ്ങയുടെ കൃപ കാരുണ്യപൂര്‍വം ചൊരിയണമെന്ന് ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. അങ്ങനെ, മാനുഷികമായ അത്യാഗ്രഹങ്ങളില്‍നിന്ന് ഞങ്ങളെപ്പോഴും പിന്‍വലിക്കപ്പെടുകയും അങ്ങയുടെ ഔദാര്യത്താല്‍ സ്വര്‍ഗീയ പ്രബോധനങ്ങള്‍ അനുസരിക്കാന്‍ പ്രാപ്തരാക്കുകയും ചെയ്യട്ടെ.

**നൈവേദ്യപ്രാര്‍ഥന**

കര്‍ത്താവേ, ഞങ്ങള്‍ അര്‍പ്പിക്കുന്ന കാണിക്കകള്‍ കാരുണ്യപൂര്‍വം തൃക്കണ്‍പാര്‍ക്കണമെന്ന് ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. അങ്ങനെ, ഇവ അങ്ങേയ്ക്ക് പ്രീതകരമായി ഭവിക്കുകയും ഞങ്ങള്‍ക്ക് എന്നും രക്ഷാകരമായിത്തീരുകയും ചെയ്യട്ടെ.

തപസുകാലത്തിലെ ആമുഖഗീതി pp...... -......

**ദിവ്യഭോജനപ്രഭണിതം** **Cf മാര്‍ക്കോ.12:33**

ദൈവത്തെ പൂര്‍ണഹൃദയത്തോടെയും അയല്ക്കാരനെ തന്നെപ്പോലെയും സ്നേഹിക്കുന്നതും എല്ലാ ബലികളെയുംകാള്‍ ശ്രേഷ്ഠമത്രേ!

**ദിവ്യഭോജനപ്രാര്‍ഥന**

കര്‍ത്താവേ, അവിടത്തെ ശക്തിയുടെ പ്രവര്‍ത്തനം ഞങ്ങളുടെ മനസ്സും ശരീരവും നിറയ്ക്കട്ടെ എന്നു ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. അങ്ങനെ, പങ്കാളിത്തത്തിലൂടെ ഞങ്ങള്‍ സ്വീകരിച്ചത് പൂര്‍ണര

ക്ഷയിലൂടെ സ്വന്തമാക്കട്ടെ.

**ജനങ്ങളുടെമേലുള്ള പ്രാർഥന**
ഐച്ഛികമായ ഉപയോഗത്തിന്

കർത്താവേ, അങ്ങയുടെ കാരുണ്യത്തിനായി കേണപേക്ഷിക്കുന്ന അങ്ങേ വിശ്വാസികളെ ദയാപൂർവം തൃക്കൺപാർക്കണമേ. അങ്ങനെ അങ്ങേ ദയയിൽ ആശ്രയിക്കുന്നവർ അങ്ങേ സ്നേഹത്തിന്റെ ദാനങ്ങൾ എല്ലായിടത്തും വ്യാപിപ്പിക്കാൻ പ്രാപ്തരാകട്ടെ.

# തപസ്സുകാലം : മൂന്നാം വാരം
# ശനി

**പ്രവേശകപ്രഭണിതം** **സങ്കീ. 102:2-3**

എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക, നിന്റെ അകൃത്യങ്ങളെല്ലാം ക്ഷമിക്കുന്ന അവിടത്തെ അനുഗ്രഹങ്ങളൊന്നും നീ വിസ്മരിക്കരുത്.

**സമിതിപ്രാർഥന**

കർത്താവേ, പെസഹാരഹസ്യങ്ങൾ അനുഷ്ഠിക്കുന്ന ഞങ്ങൾ അവയുടെ സമ്പൂർണഫലങ്ങൾ ആസ്വദിക്കുന്നതിന് ആണ്ടുതോറുമുള്ള ഈ നോമ്പാചരണത്തിൽ സന്തോഷിച്ചുകൊണ്ട് അങ്ങയോടു പ്രാർഥിക്കുന്നു.

**നൈവേദ്യപ്രാർഥന**

അനുഗ്രഹത്തിന്റെ സ്രോതസ്സായ ദൈവമേ, സംശുദ്ധമായ മനസ്സോടെ അങ്ങയുടെ രഹസ്യങ്ങളിലേക്ക് വന്നണയാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ അവയുടെ അനുഷ്ഠാനം ആഘോഷപൂർവം ആദരിക്കുന്നതിൽ അർഹമായ ബഹുമാനം ഞങ്ങൾക്കു നല്കുമാറാകട്ടെ.

തപസുകാലത്തിലെ ആമുഖഗീതി pp...... -......

**ദിവ്യഭോജനപ്രഭണിതം** **ലൂക്കാ.18:13**

ചുങ്കക്കാരൻ ദൂരെനിന്ന് മാറത്തടിച്ചുകൊണ്ട് പ്രാർഥിച്ചു: ദൈവമേ, പാപിയായ എന്നോട് കരുണയായിരിക്കേണമേ.

**ദിവ്യഭോജനപ്രാർഥന**

കാരുണ്യവാനായ ദൈവമേ, ഞങ്ങളെ നിരന്തരം പരിപോഷിപ്പിക്കുന്ന അങ്ങയുടെ ദിവ്യദാനങ്ങൾ ഞങ്ങൾ തികഞ്ഞ ബഹുമാനത്തോടുകൂടെ കൈകാര്യം ചെയ്യുന്നതിനും വിശ്വസ്തമായ

മനസ്സോടെ എപ്പോഴും സ്വീകരിക്കുന്നതിനും ഞങ്ങൾക്കിടയാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

## ജനങ്ങളുടെമേലുള്ള പ്രാർഥന

ഐച്ഛികമായ ഉപയോഗത്തിന്

കർത്താവേ, അവിടത്തെ സ്വർഗീയമായ സഹായത്തിന്റെ ഫലങ്ങൾ അങ്ങേ വിശ്വാസികളുടെമേൽ നീട്ടണമേ. അങ്ങനെ അവർ പൂർണഹൃദയത്തോടെ അങ്ങയെ അന്വേഷിക്കുന്ന അവർ യോഗ്യതയോടെ ചോദിക്കുന്നത് പ്രാപിക്കാനും അർഹരാകട്ടെ.